# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.5/1077/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.5/1077/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-07-2019 മുതൽ 18-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 19-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 19-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ,ഓഡിറ്റ് ഓഫിസർ
ശ്രീമതി.മായാദേവി.സി.എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി.സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. മനേഷ്കുമാർ.ജി, സീനിയർഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കെ.കെ. രാധമ്മ ടീച്ചർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽകുമാർ | സെക്രട്ടറി | 01-04-2019 | 04-11-2019 |
| ശ്രീ.രഘുലാൽ | സെക്രട്ടറി | 05-11-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദിവ്യ തങ്കം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഉഷാ കുമാരി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാജീ.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി പത്മകുമാരി.സി | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ആശ ജി ഉണ്ണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ബിജു.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-12-2019 |
| ശ്രീ.അഭിലാഷ് | കൃഷി ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സജ്ന സെയ്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-12-2019 |
| ശ്രീമതി. സ്മിത | അസിസ്റ്റന്റ് എഞ്ചിനിയർ | 01-01-2020 | 31-03-2020 |
| ഡോ.ആര്യ.എസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 30-04-2019 |
| ഡോ.ഷിബു.എസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-05-2019 | 01-02-2020 |

| | | | |
|---|---|---|---|
| ഡോ.ഫൈസൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 02-02-2020 | 31-03-2020 |
| ശ്രീമതി.ബീന ജോൺ തോമസ്സ് | അസി. സെക്രട്ടറി | 22-12-2019 | 31-03-2020 |
| ഡോ.റംലത്ത് ബീവി | എം.ഒ. ഹോമിയോ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 21-12-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 1-2(1) |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-11-2021) | 1-10 |
| 11 | തൊഴിൽ നികുതി ഈടാക്കിയില്ല-തനത് വരുമാന നഷ്ടം<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 19-11-2021) | 1-11 |
| 12 | വാടക-കുടിശ്ശിക ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 10-01-2022) | 1-12 |
| 13 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 21-12-2021) | 1-13 |
| 14 | റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതു ഫണ്ടിൽ സൂക്ഷിക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-14 |
| 15 | പഴയകടമുറികളുടെ ഷട്ടർ -ലേലം ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-15 |
| 16 | മാമ്പ്ര വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ്-പഴയഗേറ്റ് ലേലം ചെയ്തില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-16 |
| 17 | അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ - ടെന്റർ നടപടികളിൽ വീഴ്ച<br>Written By: C.S Mayadevi (Asst. Audit Officer, On 22-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-17 |
| 18 | വഴിവിളക്ക് പരിപാലനം പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-18 |
| 19 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയുള്ള മരുന്ന ലഭ്യമാകാത്തതിന്റെ വിശദീകരണം സംബന്ധിച്ച്.<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 19-11-2021) | 1-19 |
| 20 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് വിനിയോഗ സാക്ഷപത്രം ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-11-2021) | 1-20 |
| 21 | പുറമ്പോക്ക് കൈയ്യേറ്റം<br>Written By: Susha.T.Pillai (Asst. Audit Officer, On 18-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-11-2021) | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 1-22 |
| 23 | ലോഗ് ബുക്ക് പരിപാലനത്തിൽ വീഴ്ച<br>Written By: Susha.T.Pillai (Asst. Audit Officer, On 18-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-11-2021) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 04-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-11-2021) | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 222045601 | 214001000 |
| വാർഷിക കണക്ക് പ്രകാരം(ആർ.പി.സ്റ്റേറ്റ്മെന്റ് പ്രകാരം) | 74611721 | 59941391 |

### 1-2(1) വാർഷിക കണക്കുകളിലെ അപാകതകൾ

2019-20വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.റസീപ്റ്റ് &പെയ്മെന്റ് ഷെഡ്യൂൾ ആർ.പി.1 പ്രകാരം സ്ഥാപന തൊഴിൽ നികതി 13,34,440/- രൂപയാണ്.എന്നാൽ ഇൻകം &എക്സ്പെന്റിച്ചർ ഷെഡ്യൂൾ ഐ1 പ്രകാരം ഈ തുക 13,63,440/- ആണ്. 29,000/-രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക 3,64,50,609 ആണ്.2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഈ തുക മാത്രമാണ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ളത്. തൻവർഷത്തെ ക്യാപ്പിറ്റൽഎക്സ്പെന്റിച്ചർ ഇതിനോടൊപ്പം ചേർക്കാതെയാണ് 19-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

3.വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 ,ഷെഡ്യൂൾ ബി16 എന്നിവ പൊരുത്തപ്പെടുന്നില്ല.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം2,12,07,055/-രൂപയും ഷെഡ്യൂൾ ബി16 പ്രകാരം2,06,40,681/- രൂപയുമാണ് ചേർത്തിട്ടുള്ളത്.

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി11 ൽ 2018-19 വർഷത്തെ ഫിക്സഡ് അസ്സെറ്റുകൾ മാത്രം ഉൾപ്പെടുത്തി അവയുടെതൻവർഷത്തെ ഡിപ്രിസിയേഷൻ കുറവ് ചെയ്ത് അസറ്റിന്റെ മൂല്യം തിട്ടപ്പെടുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത് 2019-20 വർഷം ആർ.പി38 പ്രകാരം ആകെ 1,96,500/- രൂപ മാത്രമാണ് ഫിക്സഡ് അസ്സെറ്റായിട്ടുള്ളത് .ആയത് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ വാർഷിക ധനകാര്യ പത്രികയിൽ ശരിയായി പ്രതിഫലിക്കുന്നില്ല.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 ൽ മുൻവർഷം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയ തുകകൾ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്. തൻ വർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയ തുക പൂർണ്ണമായും ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
6.ബി18 പ്രകാരം.അഡ്വാൻസ് ടു ഇപ്ലിമെന്റിംഗ് ഓഫിസേഴ്സ് എന്ന ഹെഡ്ഡിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ 130,000/- രൂപയിൽ ക്രമീകരിക്കാതെ ശേഷിച്ച തുക 25,906/- രൂപ ഉൾപ്പെട്ടിട്ടില്ല.
7. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഓണം അഡ്വാൻസ് ഉൾപ്പടെയുള്ള തുകകളുടെ ബി18 പ്രകാരമുള്ള കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
8. പ്രൊഫഷൻ ടാക്സ് ഉൽപ്പടെയുള്ള വിവിധ നികതി വരവുകൾ മിസ്സലേനിയസ് റസീപ്റ്റ്സ് ആയി അക്കൌണ്ട് ചെയ്യുന്നു. അതാത് ഹെഡ്ഡിൽ പോസ്റ്റ് ചെയ്യപ്പെടാത്തതിനാൽ വിവിധ നികതി വരുമാനങ്ങളുടെ വരവ് സംബന്ധിച്ച കണക്കിൽ കൃത്യതയില്ല.
9.നോൺ ടാക്സ് റെവന്യു ആകയാൽ Rp5 പ്രകാരമുള്ള ആകെ വരവും ഷെഡ്യൂൾ I-5(b)പ്രകാരമുള്ള ആകെ വരവും തുല്യമാകേണ്ടതാണ്.എന്നാൽ 16122/- രൂപയുടെ വ്യത്യാസം കാണുന്നു.(80709 -96831).
മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24 തീയതി17-11-2021 ) ലഭ്യമാക്കിയ മറുപടിയിൽ ഹെഡ്ഡ് മാറി പോസ്റ്റ് ചെയ്തുകൊണ്ടാണ് അപാകതകൾ സംഭവിച്ചിട്ടുള്ളതെന്നും പുനക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15899000 |
| വരവ് | 58712721 |
| ആകെ | 74611721 |
| ചെലവ് | 59941391 |
| നീക്കിയിരിപ്പ് | 14670330 |

### 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | | ചെലവ് | | നിക്കിയിരുപ്പ് | ക്യൂബിൽ |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട് മെന്റ് വരവ് | ആകെ | ജി.ഒ. പ്രോജക്ട് | പ്രോജക്ട് | | |
| വികസനഫണ്ട് (പൊതുവിഭാഗം) | | 1524541 | 15879059 | 17403600 | 1524541 | 10285365 | 5593694 | 2531027 |
| വികസനഫണ്ട് (എസ്.സി.പി) | | 161765 | 9928235 | 10090000 | 161765 | 5115202 | 4813033 | 979319 |
| വികസനഫണ്ട് (റ്റി.എസ്.പി) | | 0 | 96900 | 96900 | 0 | 0 | 96900 | 8700 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8883190 | 8883190 | 0 | 1636789 | 7246401 | 2721007 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 10259000 | 10259000 | 0 | 4176071 | 6082929 | 2482942 |
| സംരക്ഷണഗ്രാന്റ് ( നോൺ-റോഡ്) | | 0 | 3613000 | 3613000 | 0 | 2358645 | 1254355 | 1140353 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10538862 | 10538862 | 0 | 2788447 | 7750415 | -- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 176 | 159221589 | 75 | 40329803 | 80 | 21 | 43 |

2017-18 മുതൽ 2021-22 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം ഘട്ടമാണ് 2019-20ൽ നടപ്പാക്കിയത് . പദ്ധതിയുടെ ലക്ഷ്യങ്ങളായ സാമ്പത്തിക വളർച്ച ,പൊതു വിദ്യാഭ്യാസ – പൊതു ജനാരോഗ്യ മേഖലകളിൽ സൗകര്യം മികവുറ്റതാക്കുക ,മാലിന്യ പ്രശ്നം പരിഹരിക്കുക , ഭൂരഹിതരും ഭവന രഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി മാറുക എന്നിവ മുൻ നിർത്തിയുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ ആസൂത്രണ സമിതി യോഗം 15.10.2018ൽ യോഗം ചേർന്നു . ഇതിനെ തുടർന്ന് 16.11.2018 , 03.12.2018 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗം ചേർന്നു . സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ച് പദ്ധതി രേഖയുടെ ഭാഗമായാണ് പുറപ്പെടുവിച്ചിട്ടുള്ളത് .

ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന13 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. ഇവയുടെ രണ്ടു യോഗങ്ങളിലും അനേകം തീരുമാനങ്ങളെടുത്തവയിൽ പ്രസക്തമായവും അവ പദ്ധതികളായി മാറിയോ എന്നതിന്റെ വിവരവും ചുവടെ ചേർക്കുന്നു

| ക്രമനം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | കൈക്കൊണ്ട പ്രസക്തമായ തീരുമാനങ്ങൾ | കുറിപ്പ് |
|---|---|---|---|
| 1. | ദാരിദ്ര്യ ലഘൂകരണം | പഞ്ചായത്തിൽ വനിതാ ക്യാന്റീൻ ആരംഭിക്കുക, തെരഞ്ഞെടുക്കപ്പെട്ട ഹരിത സേനാംഗങ്ങൾക്ക് ഉടൻ തൊഴിൽ കൊടുക്കുന്നതിനുള്ള നടപടികൾ | ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള ഫലപ്രദമായ പദ്ധതികൾ രൂപീകരിച്ചില്ല |
| 2. | മൃഗസംരക്ഷണവും ക്ഷീര വികസനവും | പ്രളയത്തിൽ പക്ഷി മൃഗാദികൾ നഷ്ടപ്പെട്ടവർക്ക് പരിഹാര മാർഗ്ഗം, സമ്പൂർണ്ണ മുട്ട ഗ്രാമം ,കന്നു കുട്ടി വാങ്ങൽ ,പോത്തു കുട്ടി വാങ്ങൽ ,പെണ്ണാട് വാങ്ങൽ | പോത്തു കുട്ടി വാങ്ങൽ ഒഴികെ തീരുമാനമെടുത്ത മറ്റു വിഷയങ്ങൾ പദ്ധതികളായി മാറി |
| 3. | സാമൂഹ്യ നീതി (ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ , കുട്ടികൾ ഭിന്നലിംഗ വിഭാഗം മുതലായവർ) | സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണ വാടികൾക്ക് കെട്ടിടം നിർമ്മിക്കുക , വൃദ്ധർക്ക് പകൽ വീട് , വനിതകൾക്ക് തയ്യൽ , കമ്പ്യൂട്ടർ പരിശീലനം, | സാമൂഹ്യ നീതിനമുൻനിർത്തിയുള്ള തീരുമാനങ്ങളൊന്നും 2019-20 ൽ നടപ്പായില്ല . ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നതായി രേഖയില്ല . ഭിന്ന ലിംഗക്കാരെ കണ്ടെത്തി അവർക്കായി ഒരു കൂട്ടായ്മ ഉണ്ടാക്കിയിട്ടില്ല .വനിതകൾക്കായി പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് ഉണ്ടെങ്കിലും അവർക്കായുള്ള പല തീരുമാനങ്ങളും |

| | | | |
|---|---|---|---|
| | | | സാമൂഹ്യ നീതിയുടെ വർക്കിംഗ് ഗ്രൂപ്പിലാണ് ചർച്ച ചെയ്തിട്ടുള്ളത് . ഇവയൊന്നും നടപ്പാക്കിയിട്ടുമില്ല .സാമൂഹ്യ നീതിയുമായി യാതൊരു ബന്ധവുമില്ലാത്ത പല വിഷയങ്ങ ളും ചർച്ചയിൽ വന്നിട്ടുണ്ട് . |
| 4. | വിദ്യാഭ്യാസം ,കല .സംസ്കാരം ,യുവജനകാര്യം | സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം , വിദ്യാർത്ഥികൾക്ക് പഠനോപകരണം നല്കൽ , സ്കൂൾ വഴി പ്രഭാത ഭക്ഷണം നല്കൽ തുടങ്ങിയവ ചർച്ച ചെയ്തു | ചർച്ച ചെയ്ത വിഷയങ്ങൾ പദ്ധതികൾ ആയെങ്കിലും പെൺ കുട്ടികൾക്ക് കരാട്ടേ പരിശീലനം ,കുട്ടികൾക്കുള്ള കളി സ്ഥലം , വർദ്ധിച്ചു വരുന്ന മയക്ക മരുന്നിന്റെ ഉപയോഗം കുറയ്ക്കുവാൻ ഉള്ള ബോധവത്ക്കരണം എന്നിങ്ങനെ കുട്ടികളുടെ ശാരീരിക മാനസിക വളർച്ച മുൻ നിർത്തിയുള്ള പദ്ധതികൾ രൂപീകരിച്ചില്ല |
| 5. | കുടിവെള്ളം ,ശുചിത്വം ,മാലിന്യ പരിപാലനം | പ്ലാസ്റ്റിക്ക് പൂർണ്ണമായി നിരോധിക്കുക , വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ക്ഷമത വർദ്ധിപ്പിക്കുക , കുടിവെള്ളവിതരണം നടത്തുക സ്ലോട്ടർ ഹൗസ് പുന:സ്ഥാപിക്കുക | ശുചിത്വ സംബന്ധമായ പദ്ധതികൾ നടപ്പായില്ല അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക ജാതി വിഭാഗക്കാർക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്ന പദ്ധതി നടപ്പായി |
| 6. | ആരോഗ്യം | അടിസ്ഥാന സൗകര്യ വികസനത്തിനായി പി.എച്ച്.സി ,ഹോമിയോ ആശുപത്രി എന്നിവ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു, | അലോപ്പതി ,ആയുർവ്വേദം ,ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ മാത്രം നടപ്പായി |
| 7. | കൃഷിയും അനുബന്ധ മേഖലകളും | കര കൃഷി , തെങ്ങ് കൃഷി വികസന പദ്ധതികൾ, ഇടവിളക്കിറ്റ് വിതരണം ,ഏത്തവാഴകൃഷി | വളരെ പരിമിതമായ പദ്ധതികൾ മാത്രമേ 2019-20മാത്രമേ കാർഷിക മേഖലയിൽ നടപ്പാക്കിയിട്ടുള്ളൂ. കൃഷിയുടെ സമഗ്ര വികസനം മുൻ നിർത്തിയുള്ള ചർച്ചയോ പദ്ധതി രൂപീകരണമോ നടന്നിട്ടില്ല |
| 8. | പൊതു മരാമത്ത് | തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല | 16.11.2018,03.12.2018 തീയതികളിൽ യോഗം ചേർന്നതിന്റെ ഹാജർ മാത്രമാണ് മിനിട്ട്സിൽ ചേർത്തിട്ടുള്ളത് . |
| 9. | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം ,സൂക്ഷമ സംരഭംങ്ങൾ) | കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ,കുടുംബശ്രീ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | ചെറുകിട വ്യവസായം ,സൂക്ഷമ സംരംഭങ്ങൾ എന്നിവയ്ക്കായി ഒരു പദ്ധതി പോലും ഇല്ല |

| | | | |
|---|---|---|---|
| 10. | ജൈവ വൈവിധ്യ മാനേജ്മെന്റ് | 2019-20ൽ മിനിട്ട്സ് എഴുതിയിട്ടില്ല | ദുരന്ത നിവാരണ ത്തിന് ദ്രുത കർമ്മ സേന രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു . |
| 11. | പൊതുഭരണം , ധനകാര്യം | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ, ISOസർട്ടിഫിക്കേഷൻ , മാലിന്യ ,നിക്ഷേപം തടയുന്നതിന് CCTV സ്ഥാപിക്കൽ തുടങ്ങിയവ | ചർച്ച ചെയ്ത മിക്കവാറും വിഷയങ്ങളും പദ്ധതികളായി മാറി. |
| 12. | പട്ടിക ജാതി -പട്ടിക വർഗ്ഗ വികസനം | വിവാഹ ധനസഹായം,പഠനോപകരണ വിതരണം , പിഎസ് സി കോച്ചിംഗ് ,കട്ടിൽ നല്കൽ , വീട് വാസയോഗ്യമാക്കൽ | പിഎസ് സി കോച്ചിംഗ് നല്കുന്നതിന് |
| 13 | വനിതാ വികസനം | സ്ത്രീകളുടെ സാമൂഹ്യ ,സാമ്പത്തിക ഉന്നമനം ലക്ഷ്യം വച്ചുള്ള ഒരു പദ്ധതിയും ചർച്ചയിൽ വന്നിട്ടില്ല | സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യേണ്ട അംഗണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം , ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് തുടങ്ങിയ വിഷയങ്ങളാണ് വനിതാ വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുള്ളത് |

നിർവഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവഹണവും

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയവയുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2916680 | 1319917 | 45.25 |
| വെറ്ററിനറി സർജൻ | 16 | 8 | 6802857 | 1142872 | 16.79 |
| എം.ഒ,പി.എച്ച്.സി | 3 | 3 | 911560 | 897120 | 98.41 |
| എം.ഒ,ആയുർവേദം | 2 | 2 | 535000 | 535000 | 100 |
| എം.ഒ ,ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| ലേഡി വില്ലേജ് എക്സ്ററൻഷൻ ഓഫീസർ | 14 | 9 | 66920420 | 16789257 | 25.08 |
| ICDS സൂപ്പർവൈസർ | 8 | 7 | 3296660 | 2659773 | 80.68 |
| സെക്രട്ടറി | 27 | 19 | 6449029 | 3786744 | 58.71 |
| അസി.സെക്രട്ടറി | 3 | 3 | 2323689 | 1391486 | 59.88 |
| അസി.എൻജിനീയർ | 89 | 33 | 65417140 | 9399619 | 14.36 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 600000 | 75 |
| ഹെഡ്മാസ്റ്റർ | 8 | 3 | 2698554 | 1658015 | 61.44 |

വാർഷികപദ്ധതി നിർവ്വഹണത്തിൽ കൃഷിയ്ക്കും ,മൃഗസംരക്ഷണത്തിനും,വിദ്യാഭ്യാസത്തിനും ,മരാമത്ത് പ്രവർത്തികൾക്കും മതിയായ പ്രാധാന്യം നൽകാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചയാണ്.

ആകെ വരവിനേക്കാൾ കൂടിയ പദ്ധതി അടങ്കൽ

2019 - 20 ൽ മുന്നിരിപ്പ് ഉൾപ്പടെയുള്ള ആകെ വരവ് 74611721 /-രൂപയാണ് .എന്നാൽ തൻ വർഷത്തെ പദ്ധതി അടങ്കൽ 159221589 /- രൂപയും ചെലവ് 40329803/- രൂപയുമാണ് . അടങ്കൽ വച്ച തുകയുടെ പകുതി പോലും ചെലവഴിക്കാനാകാത്ത സാഹചര്യത്തിൽ അടങ്കൽ തുക പെരുപ്പിച്ച് കാണിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ് .

ഓരോ ഫണ്ടിനത്തിലുമുള്ള അടങ്കലും ചെലവും ചുവടെ ചേർക്കുന്നു

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട് ജനറൽ | 18178149 | 11138306 |
| വികസന ഫണ്ട് എസ്.സി.പി | 11792689 | 5276967 |
| വികസന ഫണ്ട് ടി.എസ്.പി | 97000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10607538 | 1636789 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1213984 | 494875 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 15627536 | 5918877 |
| തനത് ഫണ്ട് | 8909506 | 2788447 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4937025 | 222000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 8328333 | 1462797 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12217552 | 4176071 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 4324569 | 2358645 |
| ഗുണഭോക്തൃ വിഹിതം | 62987708 | 2858029 |

പദ്ധതി ആസൂത്രണത്തിലും അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും, ആവശ്യമായ മേൽ നിർദ്ദേശം നൽകുന്നതിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കുണ്ടായ വീഴ്ചയാണ് പദ്ധതി ചെലവിലുണ്ടായ ഈ കുറവിന് ഇടയാക്കിയത് . പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സമയക്ലിപ്തത പാലിക്കുന്നതിനും അവ യഥാസമയം മോണിട്ടറിംഗ് ചെയ്യുന്നതിനും, ആവശ്യമായ മേൽ നിർദ്ദേശം നൽകുന്നതിന് തുടർ വർഷങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ് .

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22103 | 1363387 | 1385490 | 1248984 | 136506 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 22589173 | 22589173 | 22589173 | |

### 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ (രജിസ്റ്റർ പ്രകാരം)താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82680 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 3699000 | 451 |
| വിധവാപെൻഷൻ | 5526600 | 807 |
| വാർദ്ധക്യകാലപെൻഷൻ | 13831200 | 1701 |
| വികലാംഗപെൻഷൻ | 2152600 | 285 |
| അവിവാഹിതപെൻഷൻ | 272400 | 33 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

### 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27909 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2021 | 2021 സെപ്റ്റംബർ | 19.05.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2016 | 2011-12 മുതൽ 2015-16 | |

### 1-10 ആഭ്യന്തര നിയന്ത്രണം

താഴെ ചേർക്കുന്ന കാര്യങ്ങൾ ഒഴികെ ,ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമമാണ്.തനതു വരുമാനങ്ങളായ തൊഴിൽ നികുതി,വാടക കുടിശ്ശിക എന്നിവ ഈടാക്കുന്നതിൽ കൂടതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.ടെണ്ടർ നടപടികൾ സുതാര്യമാക്കി പർച്ചേസുകൾ നടത്തുന്നതിന് പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. പുറംപോക്ക് ഭൂമികൾ കൈയ്യേറുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ പഞ്ചായത്തിലുണ്ട്. ഭൂമി കൈയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്ന വ്യക്തമാകുന്നു.പുറംപോക്ക് ഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ച് പരാതികളിൽ താമസംകൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കൂടതൽ ശ്രദ്ധ അനിവാര്യമാണ്. നിക്ഷേപ പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ നിബന്ധന പ്രകാരം തുക കൈമാറി തുടർപ്രവർത്തനങ്ങൾ വീക്ഷിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാകാൻ കൂടതൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-11 തൊഴിൽ നികുതി ഈടാക്കിയില്ല-തനത് വരുമാന നഷ്ടം

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ജോലിചെയ്യ്ത് വരുന്ന രണ്ട് ജീവനക്കാർ,തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഡ്രൈവർ, നിർമ്മാണ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖകളില്ല.ടിയാളുകളുടെ പേരുവിവരങ്ങൾ അടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ /കരാറുകാന്റെ പേര് | തൊഴിൽ | തൊഴിൽ ഈടാക്കാനുള്ള അർദ്ധവാർഷികങ്ങൾ |
|---|---|---|---|
| 1 | രാധാകൃഷ്ണപിള്ള | കരാർ തൊഴിലാളി | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 2 | രാജേഷ് | കരാർ തൊഴിലാളി | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 3 | റ്റി.ജി. അശോകൻ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 4 | പി.ഭദ്രൻ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 5 | മാമ്മൻ എബ്രഹാം | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 6 | വി.എം. മുഹമ്മദ് ബഷീർ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 7 | സുജിത് കുമാർ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 8 | വി.ആർ. ശശി | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 9 | പി.സുരേന്ദ്രൻ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 10 | എം.എ.വിജയൻ | കോൺട്രാക്ടർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 11 | മധുകുമാർ. | ഡ്രൈവർ | 2019-20-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |

മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി നികുതി ഈടാക്കിയിട്ടുണ്ടോ എന്നതിനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 21/ 12.11.21)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-12 വാടക-കുടിശ്ശിക ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിലവിലുണ്ട്.തുരുത്തിമേൽ ഷോപ്പിങ്ങ് കോംപ്ലസും, കൊല്ലകടവ് മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സും. ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടകയിനത്തിൽ 2019-20 സാമ്പത്തികവർഷം 90669 രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2020-21 സാമ്പത്തിക വർഷം കുടിശ്ശികയിനത്തിൽ 15,744 രൂപ പിരിച്ചെടുത്തിരുന്നു. കുടിശ്ശിക ഇനത്തിൽ ഇപ്പോഴും 74,925 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുരുത്തിമേൽ മാർക്കറ്റ്

| ക്രമ നമ്പർ | പേരും വിലാസവും | റൂം നമ്പർ | വാടക നിരക്ക് | വാടക ഇനത്തിൽ ലഭിച്ച തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സലീം പുത്തുവടക്കേതിൽ കൊല്ലകടവ് | B ബ്ലോക്ക് 5,6 മുറികൾ | 5050 | --- | 60600 |
| കൊല്ലകടവ് മാർക്കറ്റ് ,ഷോപ്പിങ്ങ് കോംപ്ലക്സ് | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | അജി തമ്പായത്തിൽ കൊല്ലകടവ് | Dബ്ലോക്ക് 19F | 1155 | 2310 | 8085 |
| 3 | ശശിധരൻ ആചാരി കലതിക്കുറ്റിയിൽ തുരുത്തിമേൽ | റൂം 11 | 250 | -- | 3000 |
| 4 | ശശിധരൻ ആചാരി കലതിക്കുറ്റിയിൽ തുരുത്തിമേൽ | റൂം12 | 270 | -- | 3240 |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 74925 രൂപ പിഴ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച സ്ഥിതിവിവരക്കണക്കുകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നം.ട0186/2019

8 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 2017-18 വർഷം മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം എന്ന പദ്ധതി പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. 2019-20,2020-21 വർഷങ്ങളിലായിട്ടാണ് വർക്കുകൾ കംപ്ലീറ്റ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട ഫയൽ,എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

പദ്ധതി നിർവ്വഹണം നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി യെ എഗ്രിമെന്റ് നം.21/AE/LSGD/CRD Dated 11-02-2019 പ്രകാരം ഏൽപ്പിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്സ്.)നം.133/07/ത.സ്വ.ഭ.വ തീയതി 18-05-2007 ക്രമ നം.2പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തുമ്പോൾ ലാഭം അനുവദനീയമല്ലാത്തതിനാലും യഥാർത്ഥ മൂല്യം മാത്രമേ ചെലവഴിക്കാൻ പാടുള്ളുവെന്നതിനാലും ഇതിനായി എസ്റ്റിമേറ്റ് എടുക്കുമ്പോൾ കരാറുകാരന്റെ ലാഭ വിഹിതം ഉൾപ്പെടുത്തരുതെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്(അക്രഡിറ്റഡ് ഏജൻസികൾ -പരിഷ്കരിച്ച നടപടിക്രമങ്ങൾ).ഇവിടെ എസ്റ്റിമേറ്റിൽ , സി.പി. ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്.നിലവിൽ പ്രവർത്തി പൂർത്തീകരിച്ച് കളക്ഷൻ സെന്റർ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിലെപ്പോലെ കംപാർട്ട്മെന്റുകളായി തിരിക്കുവാൻ സാധിച്ചിട്ടില്ല.

കൂടാതെ, എം.ബുക്ക് പ്രകാരം പ്രവർത്തിയുടെ ആകെ മൂല്യം 7,33,056 രൂപയാണ് . ഇതിൽ നിന്നും അഡ്വാൻസ്, പാർട്ട് ബിൽ പ്രകാരം നൽകിയിട്ടുള്ള തുകകൾ എന്നിവ കഴിച്ച് ഐ.ആർ.റ്റി.സിക്ക് നൽകാനുള്ള തുക താഴെപ്പറയും പ്രകാരം , 251251/-രൂപയാണ്.

വർക്കിന്റെ ആകെ മൂല്യം -733056

അഡ്വാൻസ് 166464(ചെക്ക് നം 690810156 തീയതി 21-02-2019, ചെക്ക് നം 690810157 തീയതി 21-02-2019)

പാർട്ട് ബിൽ 304872(ചെക്ക്.നം017914 തീയതി 11-11-2019)

നൽകാനുള്ള തുക 261720 (733056-(166464+304872)

ഐ.റ്റി-2617

ജി.എസ്.ടി-5234/-

നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം-2617/-

ആകെ നികുതികൾ -10468/-

നികുതികൾ കുറവ് ചെയ്തശേഷം സ്ഥാപനത്തിന് നൽകാവുന്ന തുക -251252

എന്നാൽ ഐ.ആർ.റ്റി.സിക്ക് നികുതികൾ കഴിച്ച് നൽകിയത് 258885-രൂപയാണ്(ചെക്ക് നം.2980043 തീയതി 4-11-2020) വ്യത്യാസം 7633/-രൂപ. മേൽക്കാര്യങ്ങൾ പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിന്റെ ഹാളിൽ കംപാർട്ട്മെന്റാക്കുന്ന പ്രവൃത്തി അവിടെ പ്രവർത്തിക്കുന്ന ഹരിതകർമസേന തടയുകയും അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ(പ്ലാസ്റ്റിക്ക് തിരിക്കുന്നതിന്")ഷീറ്റിട്ട് ,ഷെഡ് പണിത് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഷെഡ് നിർമ്മിക്കാൻ സാധിക്കില്ലായെന്ന് ഐ.ആർ.ടി.സി അറിയിച്ചു.അടുത്ത വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു. കരാർ നിബന്ധനകൾ പാലിച്ച് പ്രവർത്തി പൂർത്തീകരിക്കാൻ മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് അധികം നൽകിയ 7633/- രൂപ നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായികണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-14 റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതു ഫണ്ടിൽ സൂക്ഷിക്കുന്നില്ല

ജി.ഒ.പി.നം. 429/2015/fin Dated 28-09-2015പ്രകാരം, പൊതുമരാമത്ത് വർക്കുകളിൽ പാർട്ട് ബില്ലായി നൽകുന്ന തുകകളിൽ നിന്നും 2.5% റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. . എന്നാൽ വർക്ക് ഫയലുകൾ പരിശോധിച്ചതിൽ, റിടെൻഷൻ ഇനത്തിൽ കരാറുകാരിൽ നിന്നും പിടിക്കുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കുന്നില്ല. ആകെ മൂല്യത്തിൽ നിന്നും ഈ തുക കുറവ് ചെയ്തശേഷം അറ്റതുകമാത്രം കരാറുകാരന് നൽകുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | വർക്കിന്റെ പേര് | എംബുക്ക് നം | റിട്ടെൻഷൻ തുക |
|---|---|---|---|
| 102/19 | പഴംചിറ -മുട്ടംപടി റോഡ് കോൺക്രീറ്റിംഗ് | 45/18-19 | 3429 |
| 91/19 | ചരുവിള കോളനി റോഡിന് സംരക്ഷണ ഭിത്തി കെട്ടൽ | 38/18-19 | 1965 |
| 91/20 | സി.എസ്സ്.ഐ ചാങ്ങേഴത്ത് | 48/18-19 | 3200 |

| | | | |
|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | | |

മേൽപ്പറഞ്ഞ പ്രകാരം റിട്ടെൻഷൻ തുകകൾ അതാത് ഫണ്ടിൽതന്നെ സൂക്ഷിക്കുന്നതിനാൽ കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ, റിടെൻഷൻ തുകയിൽ നിന്നും നഷ്ടം ഈടാക്കാൻ സ്ഥാപനത്തിന് കഴിയാതെ വരുന്നു.സർക്കാർ നിർദ്ദേശമനുസരിച്ച് പാർട്ട് ബില്ലുകളിൽ നിന്നും പിടിക്കുന്ന റിടെൻഷൻ തുകകൾ പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതുഫണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

### 1-15 പഴയകടമുറികളുടെ ഷട്ടർ -ലേലം ചെയ്തിട്ടില്ല

പ്രോജക്ട് നം.s0079/20

എം.ബുക്ക് നം.23/2019-20

കൊല്ലകടവ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഷോപ്പിംഗ് കോംപ്ലക്സുകളിലെ 8 കടമുറികളുടെ ഷട്ടർ പഴയവ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും മാർക്കറ്റിനുള്ളിലേക്കുള്ള റോഡിന്റെ കോൺക്രീറ്റ് എന്നിവയ്ക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഴയകടമുറികളുടെ ഷട്ടർ തുരുമ്പിച്ച് വർക്കിംഗ് കണ്ടീഷനിലല്ലായെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എംബുക്കിൽ ഇതിന്റെ വാല്യൂവേഷൻ എടുത്തതായി കാണുന്നില്ല. വാല്യൂവേഷൻ എടുക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/19-20 തീയതി 05-11-2021)പൊളിച്ച് മാറ്റിയശേഷം വാല്യൂവേഷൻ എടുത്ത് രേഖകൾ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യൂവേഷൻ അനുസരിച്ച് ഉപയോഗരഹിതമായി സൂക്ഷിച്ചിട്ടുള്ള ഷട്ടറുകൾ ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 മാന്ത്ര വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ്-പഴയഗേറ്റ് ലേലം ചെയ്തില്ല

മാന്ത്ര വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ,എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഡിസ്പെൻസറിയുടെ ബാക്ക് ഗേറ്റ് ഡാമേജ് വന്നിട്ടുണ്ടെന്നും അത് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും, കോംപൗണ്ട് വാൾ നിർമ്മിച്ച് പെയിന്റ് ചെയ്യുന്നതിനും ഗേറ്റിന്റെ പുറഭാഗം ഇന്റർലോക്ക് ചെയ്യുന്നതിനുമായിരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പഴയഗേറ്റ് മാറ്റിയതിന് വാല്യൂവേഷൻ എടുത്തതായി കാണുന്നില്ല. പുതിയഗേറ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വാല്യൂവേഷൻ എടുത്ത് ലേല നടപടികൾ ആരംഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.16/09-11-2021) മറുപടിയിൽ, മാന്ത്ര വെറ്ററിനറിയിൽ ഇളക്കി മാറ്റിയ ഗേറ്റ് ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടെന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വാല്യൂവേഷനുള്ള കമ്മറ്റി തീരുമാനം ലഭിക്കാതിരുന്നതിനാൽ വാല്യൂവേഷൻ എടുത്തിട്ടില്ലായെന്നും അറിയിച്ചു. എഞ്ചിനിയറുടെ വാല്യൂവേഷൻ റിപ്പോർട്ട് എടുത്ത് തദനുസരിച്ച് ലേല നടപടികൾ ആരംഭിക്കേണ്ടതാണ്.

### 1-17 അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ - ടെൻഡർ നടപടികളിൽ വീഴ്ച

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റിന്റെ പേര്: അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ

ആകെ ചെലവ് :155354(ചെക്ക് നം.0550542/4.3.2020)

120000(ബിൽ നം.1/20.6.2020)

54446(ബിൽ നം. 10/10.10.2020)

പ്രോജക്ട് നം.:S0135/21

അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങിയതിന് 329800 രൂപ ചെലവഴിച്ചിട്ടുണ്ട്. റോയൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് ഫർണ്ണിച്ചറുകളും സ്റ്റോറേജ് ബോക്സുകളുമാണ് വാങ്ങിയിരുന്നത്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ വാങ്ങേണ്ട ഉപകരണങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ (സ്റ്റീൽ പാത്രങ്ങളുടെ തൂക്കം , ഓഫീസ് ടേബിൾ , കസേര എന്നിവയുടെ അളവ്) രേഖപ്പെടുത്തിയിരുന്നില്ല.

2) വിഘ്നേശ്വര വിഷ്ണു ഇൻഡസ്ട്രീസ് പാപ്പനംകോട് എന്ന സ്ഥാപനമാണ് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഈ സ്ഥാപനത്തെ ഒഴിവാക്കിയാണ് താരതമ്യേന ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ റോയൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ചിട്ടുള്ളത്.

3)പ്രൊക്യൂർമെന്റ് കമ്മറ്റി ഗുണമേന്മ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10.1.2020 ലെ 1/1(6) കമ്മറ്റി തീരുമാന പ്രകാരമാണ് ടി സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ചത് .അതോടൊപ്പം 1,1,2020 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മററി തീരുമാനത്തിലും റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഉപകരണങ്ങളാണ് ഗുണനിലവാരമുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ,മറ്റ് സ്ഥാപനങ്ങളുടെ ഫർണ്ണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയിതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം(നം.18/9.11.2021) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ തൻ വർഷത്തെ ചെലവ് തുക 155354/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-18 വഴിവിളക്ക് പരിപാലനം പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ

എ) വഴിവിളക്ക് പരിപാലനം (അടാട്ട് മാതൃക) സ്പിൽ ഓവർ S0150/20

ചെലവഴിച്ച തുക : 58300(ചെക്ക് നം.016452/17.5.19)

47400(ചെക്ക് നം.17912/8.11.19-39000,ചെക്ക് നം.17912/8.11.19-8400 )

46200(ചെക്ക് നം.015426/20.4.19)

70900(ചെക്ക് നം.17975/9.1.2020)

വഴിവിളക്ക് പരിപാലനം (അടാട്ട് മാതൃക) പുതിയത്- S0006/20

ചെലവഴിച്ച തുക : 146400(19350/31.3.2020-146400)

അടാട്ട് മാതൃകയിൽ നടപ്പാക്കിയ വഴിവിളക്ക് പരിപാലനം പ്രോജക്ട് പ്രകാരം കരാറുകാരുടെ വേതനമിനത്തിലും വാഹന വാടക ഇനത്തിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പരിപാലനത്തിനുള്ള ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തി നിന്നുമാണ് വാങ്ങിയിരുന്നത്.പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഉത്തരവ് നം.ജി-2442274/2015/17.8.15 പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസർമാരെയും നോഡൽ പോയന്റുകളും നിശ്ചയിക്കേണ്ടതാണ്.തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ

രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്ററിൽ 11.2.2019 മുതൽ 30.10.2019 വരെയും പിന്നീട് 25.1.2021 ലും മാത്രമാണ് രേഖപ്പെടുത്തലുള്ളത്. രേഖപ്പെടുത്തലുകൾ ഉള്ള തീയതികളിൽ മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലും വരുത്തിയിട്ടില്ല.

2) മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പകരം കരാറുകാർ ലഭ്യമാക്കിയ രേഖകൾ അംഗീകരിച്ച് തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/15.11.2021) പരാതി രജിസ്റ്റർ ഗ്രമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും ആയത് പൊതുജനങ്ങൾക്ക് ലഭ്യമാണെന്നും മറുപടി നൽകി. അതോടൊപ്പം കോവിഡ് കാലമായതിനാൽ ആരും പരാതി രേഖപ്പെടുത്താൻ സാധിച്ചില്ല എന്നും തെരുവ് വിളക്ക് പരിപാലനം അനിവാര്യ ചുമതലയിൽ പെടുന്നതിനാലാണ് പരാതിയില്ലാതെ തന്നെ അറ്റകുറ്റപ്പണികൾ നടത്തിയിത് എന്നും വാർഡ് തലത്തിൽ ഇലക്ട്രീഷ്യൻമാർ നൽകുന്ന റിപ്പോർട്ടിന് അവസാനം പരിപാലനം നടത്തിയതായി വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ പരാതി രജിസ്റ്ററിന്റെ അടിസ്ഥാനത്തിലല്ലാതെയും കരാറുകാരൻ അറ്റകുറ്റപണി നടത്തിയത് സംബന്ധിച്ച് പരിശോധനാ വിധേയമാക്കാതെയും തുക ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

ആയതിനാൽ രണ്ട് പ്രോജക്റ്റുകൾക്കുമായി ആകെ ചെലവഴിച്ച 369200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) കരാറുകാരന് നൽകിയ ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വഴിവിളക്ക് പരിപാലനം സാധനങ്ങൾ വാങ്ങൽ പ്രോജക്റ്റ് (S0010/20)

ചെലവഴിച്ച തുക: 375298 രൂപ (1337684/6.11.19-224999,19344/31.3.2020-150299, )

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായുള്ള ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ,കൊല്ലം എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരുന്നത്. 375298 രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പൂർണ്ണമായും കരാറുകാരന് നൽകിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അതിനാൽ മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞില്ല. കരാറുകാരൻ ഉപകരണങ്ങൾ വിനിയോഗിച്ചത് സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/6.11.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയതിന് കരാറുകാരന് നൽകിയ 375298 രൂപ (ചെക്ക് നം.1337684/6.11.19-224999, 19344/31.3.20-150299, )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്ന ലഭ്യമാകാത്തതിന്റെ വിശദീകരണം സംബന്ധിച്ച്.

2019-20 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് "കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 39/2019-20 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ. | 4,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 02/2019-20 തീ.11.02.2020 | 3,48,228 | 43283 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾആയതിന്റെ പുരോഗതി ഓഡിറ്റിനെഅറിയിക്കേണ്ടതാണ്.

1-20 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് വിനിയോഗ സാക്ഷപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റിന്റെ പേര്:

പ്രോജക്റ്റ് നം.S0177/20) -

പ്രോജക്റ്റിന്റെ പേര്:കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്

ഐ സി ഡി എസ് സൂപ്പർവൈസർ മുഖേന കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടിയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും മെയിന്റനൻസിനുമായി 50000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിരുന്നു. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും(നം.13/9.11.2021) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 പുറമ്പോക്ക് കൈയ്യേറ്റം

ഗ്രാമ പഞ്ചായത്തിലൂടെ ഒഴുകുന്ന ഉത്തരപ്പള്ളിയാറിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സൂക്ഷിയ്ക്കുന്ന ഫയൽ നം. സി.4-01/2020 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ശ്രീ .എ.റ്റി .തോമസ് , ശ്രീ . അരുൺ .കെ.തോമസ് ,ആറ്റിൽപറമ്പിൽ എന്നിവർ ചെറിയനാട് വില്ലേജിൽ ബ്ലോക്ക് 12ൽ റീസർവ്വേ 45/5 ൽ ഉത്തരപ്പള്ളിയാർ പുറമ്പോക്ക് വസ്തുവിൽ 0.29 ആർസ് ഭാഗം തോടിനു കുറുകെ പഞ്ചായത്തിന്റെ അനുമതിയോടെ കുറുകെ

പാലം നിർമ്മിച്ചിട്ടുള്ളതായും (താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി മുൻപാകെ സമർപ്പിച്ച സെക്രട്ടറിയുടെ C2-851/2020/05.07.2021 റിപ്പോർട്ട് ) മുഞ്ഞനാട്ടുതറ വീട്ടിൽ അമ്മിണിയമ്മ ,ഭദ്രാണിയമ്മ ,ലക്ഷ്മിയമ്മ , ഉമ്മിണിയമ്മ ,ഗോവിന്ദ കാരണവർ , ഗോപാലകൃഷ്ണ കാരണവർ എന്നിവർ ബ്ലോക്ക് 12ൽ 36/3 സർവ്വേ നമ്പരിൽ 2.20 ആർസ് വസ്തു കൈയ്യേറിയിട്ടുള്ളതായും വ്യക്തമാകുന്നു .

ശ്രീ .എ.റ്റി .തോമസ് , ശ്രീ . അരുൺ .കെ.തോമസ് എന്നിവർക്ക് ഉത്തരപ്പള്ളിയാറിന്റെ പുറമ്പോക്ക് വസ്തുവിൽ പാലം പണിയാൻ അനുമതി നല്കിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് .

പാലം പണിയുന്നതിന് നല്കിയ അനുമതിയുടെ വിവരം , കൈയ്യേറ്റം ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/20-21/08.11.21 ന് കയ്യേറ്റം ഒഴിഞ്ഞു പോകുന്നതിന് 23.01.2020 ൽ നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് മറുപടി നല്കി . കയ്യേറ്റംഒഴിപ്പിക്കുന്നതിന് ഭരണ സമിതിയുടെ സത്വരമായ ഇടപെടലും നടപടികളും ആവശ്യമാണ് . തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി മുഖേന താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ /നിർവ്വഹണ ഏജൻസികളിലായി തുക നൽകിയിട്ടുണ്ട്. വിശാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| പൂമാട്ടി പുഞ്ചയ്ക്ക് ബ്ലോക്ക് വിഹിതം ( S0170/20) | 300000 /-(വൗച്ചർ നം.21900490/7.9.2019) | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ആർദ്രം മിഷന്റെ ഭാഗമായി ചെറിയനാട് പി എച്ച് സിയെ ഫാമിലി ഹെൽത്ത സെന്ററായി ഉയർത്തുക (S0172/20) | 395030/-(വൗച്ചർ നം. 21900885/28.2.2020) | നാഷണൽ ഹെൽത്ത് മിഷൻ |
| അപായകരമായ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S008/20) | 35294/-(ബിൽ നം.6/24.9.19)<br>16736(ബിൽ നം.18/30.1.2020) | കെ എസ് ഇ ബി കൊല്ലകടവ് |
| പട്ടിക ജാതി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S011/20) | 16544/-(വൗച്ചർ നം. 21901056/31.3.2020) | കെ എസ് ഇ ബി കൊല്ലകടവ് |
| ആകെ | 763604 | |

മേൽ തുകകൾ വിനിയോഗിച്ചതായുള്ള സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/16.11.21) മേൽ തുകകൾ ചെലവഴിച്ചത് സംബന്ധിച്ച വിനയോഗ സാക്ഷപത്രം ലഭ്യമാക്കുന്നതിന് അതാത് സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ചെലവ് തുക 763604 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ലോഗ് ബുക്ക് പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ വാഹനമായ KL30 F 2524 ന്റെ ലോഗ് ബുക്കിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉണ്ട് .

1 . വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെയും , വാഹനം ആറുമാസത്തിൽ ഒരിക്കൽ ഇന്ധന ക്ഷമത പരിശോധിച്ചതിന്റെയും പ്രതിമാസ ഇന്ധന ഉപഭോഗത്തിന്റെയും വിവരം കൃത്യമായി ലോഗ് ബുക്കിൽ ചേർത്തിട്ടില്ല .26.02.2021 മുതൽ ഉപയോഗിച്ചു തുടങ്ങിയ പുതിയ ലോഗ് ബുക്ക് ആവശ്യമായ വിവരങ്ങൾ ഒന്നും ചേർക്കാതെ ഏറെക്കുറെ അപൂർണ്ണമായാണ് പരിപാലിക്കുന്നത് .

2 . 12/2020 ൽ ഇലക്ഷൻ സംബന്ധമായി വാഹനം ഉപയോഗിച്ച റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ഒഴികെ പഞ്ചായത്ത് തലത്തിൽ വാഹനം ഉപയോഗിച്ചവർ ആരും തന്നെ ലോഗ് ബുക്കിൽ ഒപ്പിട്ടിട്ടില്ല .

3 . 01.01.2021 മുതൽ 22.01.2021 വരെയുള്ള ദിവസങ്ങളിലെ ഉപയോഗം 2017 മുതൽ ഉപയോഗിച്ചു വന്ന ലോഗ് ബുക്കിലും തുടർന്ന് 26.02.2021 മുതൽ 27.10.2021 വരെയുള്ള വിവരം പുതിയ ലോഗ് ബുക്കിലുമാണ് ചേർത്തിട്ടുള്ളത് . 23.01.2021 മുതൽ 25 02.2021 വരെയുള്ള ഏകദേശം ഒരു മാസത്തെ വിവരം ചേർത്തിട്ടില്ല .

4 . മേൽകാലയളവിൽ വളരെ കുറച്ചു ദിവസങ്ങളിൽ പ്രസിഡന്റും 28.02.21 , 07.03.21,07.04.21,26.07.21 , 03.08.21എന്നീ ദിവസങ്ങളിൽ ഏതാനും ഉദ്യോഗസ്ഥരും ഒപ്പിട്ടതൊഴികെ ബാക്കി ദിവസങ്ങളിൽ വാഹനം ഉപയോഗിച്ചവർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല .

ലോഗ് പരിപാലിക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം .08/20-21/08.11.21 ന്

മറുപടി നല്കിയില്ല .

ലോഗ് ബുക്ക് കൃത്യവും കാലികവുമാക്കി സൂക്ഷിയ്ക്കുന്നതിന് വാഹനത്തിന്റെ ഡ്രൈവർക്ക് ആവശ്യമായ നിർദ്ദേശം നല്കേണ്ടതും വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലോഗ് ബുക്കിന്റെ പരിപാലനം നിരീക്ഷിയ്ക്കേണ്ടതുമാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് നൽകൽ/ബത്ത നൽകൽ | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ലൈഫ് ഭവന പദ്ധതി-ഭവന നിർവ്വഹണം എസ്.സി | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം പാലിന് സബ്സിഡി | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം എസ്.സി | 1620000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 483333 | സമഗ്ര നെൽ കൃഷി വിതരണം | 483333 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് നൽകൽ/ബത്ത നൽകൽ | 200000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം | 200000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 9200000 | ലൈഫ് പദ്ധതി -ഭവന | 920000 | |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം - ജനറൽ | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 242797 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (സംയുക്ത പ്രോജക്റ്റ്) | 242797 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | അപായപരമായപോസ്റ്റ് മാറ്റി സ്ഥാപിക്കൽ | പ്രോജക്റ്റ് നമ്പർ 8/2020 | 98506 | പദ്ധതി ഫിസിക്കലി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിന്റെ വിവരം

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | | ഇല്ല | | | |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലൈഫ് ഘട്ടം 4 | 2080000 | 9418445 | 545798 | 0 | 10952647 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 181555 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-2 | 181555 | ജോൺസ് മാത്യു. കൊച്ചുകാട്ടിൽ കോട്ടേജ് | 11916102875 11916102876 തീയതി. 27.112019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളിൽ | ആകെ | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | തുക (രസീത് നമ്പർ/ തീയതി) | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | | | ലഭ്യമായ തുക | | |
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | ഇല്ല | | | | | | | | |

**(ബി)**സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,46,11,721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59941391 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7633/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1713456 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13 | | 7633 | സ്മിത<br>അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 155354 | ശ്രീമതി ഉഷാകുമാരി<br>ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| 1-18(a) | 369200 | സുനിൽകുമാർ-151900<br>സെക്രട്ടറി<br>രഘുലാൽ.വി-217300<br>സെക്രട്ടറി |
| 1-18(b) | 375298 | സുനിൽകുമാർ-224999<br>സെക്രട്ടറി<br>രഘുലാൽ.വി-150299<br>സെക്രട്ടറി |
| 1-20 | 50000 | ശ്രീമതി ഉഷാകുമാരി<br>ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| 1-22 | 763604 | സുനിൽകുമാർ-335294<br>സെക്രട്ടറി<br>രഘുലാൽ.വി-428130<br>സെക്രട്ടറി |
| ആകെ | 1713456 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് **/** തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| 22പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിൽകുമാർ<br>സെക്രട്ടറി | സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് | തട്ടാരയ്യത്ത്<br>എരുമക്കുഴി.പി.ഒ<br>നൂറനാട് |
| സ്മിത<br>അസിസ്റ്റന്റ് എഞ്ചിനിയർ | എ.ഇ<br>എൽ.എസ്.ജി.ഡി<br>ചെറിയനാട് | നീരാഞ്ജനം<br>ചുനക്കര<br>നോർത്ത്<br>ചുനക്കര |
| ശ്രീമതി ഉഷാകുമാരി<br>ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | | മൂർത്തി നിവാസ്<br>പുന്നക്കാമുകൾ<br>തിരുവനന്തപുരം |
| രഘുലാൽ.വി-<br>സെക്രട്ടറി | സെക്രട്ടറി<br>ആല ഗ്രാമ പഞ്ചായത്ത് | ശ്രീ നന്ദനം<br>താമല്ലാക്കൽ<br>സൌത്ത്<br>താമല്ലാക്കൽ<br>പി.ഒ<br>ഹരിപ്പാട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പൂറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>1998-99 വരെ (ചെലവ്) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 1997-98 (ഡി.സി.ബി)<br>2000-01 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5.575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/09.12.15 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.02.16 |
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി-5/1061/2017/10.8.2017/23.8.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി .പി-5/1653/18/10.12.18/08.02.19 |
| 2018-19 | നം. കെ.എസ്.എ-എ.എൽ.പി-പി5-900/2019തീയതി.27.09.2019, |

.
.
.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്